(സി) എത്ര ഹെക്ടർ ഭൂമിയാണ് തോട്ടങ്ങൾ ഉണ്ടാക്കുന്നതിനായി പാട്ട വ്യവസ്ഥ അനുസരിച്ച് നൽകിയിട്ടുള്ളതെന്ന് പറയാമോ ; എവിടെയെല്ലാം ;

(ഡി) പാട്ട ഉടമകൾ കൈവശം വച്ചിരിക്കുന്ന റവന്യൂ ഭൂമിയെ സംബന്ധിച്ച് സർവ്വേ നടത്താൻ സർക്കാർ തയ്യാറാകുമോ ;

(ഇ) തോട്ടഭൂമിയുടെ അഞ്ച് ശതമാനം മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഈ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

റവന്യൂവും നിയമവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി):

(എ) പാട്ട വ്യവസ്ഥയിൽ തോട്ടമുണ്ടാക്കുന്നതിനായി നൽകിയ ഭൂമി തിരിമറി നടത്തുകയും തോട്ടങ്ങൾ വിപുലീകരിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ അന്വേഷണം നടത്തിയിട്ടില്ല.

(ബി) ബാധകമല്ല.

(സി) സംസ്ഥാനത്ത് പത്തനംതിട്ട, ഇടുക്കി കോട്ടയം, കണ്ണൂർ ജില്ലകളിലായി 37.099.5648 ഹെക്ടർ ഭൂമി തോട്ടങ്ങൾ തുടങ്ങുന്നതിനായി പാട്ട വ്യവസ്ഥയിൽ നൽകിയിട്ടുണ്ട്. ഇതിൽ കണ്ണൂർ ജില്ലയിൽ 6.7 ഹെക്ടർ ഭൂമി 28-2-2003-ലെ ജി. ഒ. (എംഎസ്.) 52/03/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം തിരികെ എടുത്തിട്ടുണ്ട്.

(ഡി) തല്ക്കാലം പരിഗണനയിലില്ല. ആവശ്യമെന്ന് കണ്ടാൽ അത് ചെയ്യാവുന്നതാണ്.

(ഇ) മന്ത്രിസഭ തീരുമാനിച്ചിട്ടുണ്ട്.

സഹകരണ സംഘങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ

15 [*132] പ്രൊഫ എ. ഡി. മുസ്തഫ :
ശ്രീ. വി. ജെ. പൗലോസ് :
,, പി. ശങ്കരൻ :
,, കെ. എ. ചന്ദ്രൻ:
,, വർക്കല കഹാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കർഷകർക്കായി സർക്കാർ പ്രഖ്യാപിച്ച ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി എത്ര സഹകരണ സംഘങ്ങൾ നടപ്പിലാക്കി ;

(ബി) എത്ര സഹകരണ സംഘങ്ങൾ ഈ പദ്ധതി നടപ്പാക്കാതെയുണ്ട് ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാതിരിക്കാനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) 3224 സംഘങ്ങൾ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പിലാക്കി.

(ബി) ആന്റ് (സി) വൺ ടൈം സെറ്റിൽമെന്റ് പദ്ധതിക്കായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അപേക്ഷ ലഭിച്ചിട്ടുള്ള എല്ലാ സഹകരണ സംഘങ്ങളിലും പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രവർത്തന രഹിതമായ സംഘങ്ങളിലും പുതുതായി പ്രവർത്തനം ആരംഭിച്ച സംഘങ്ങളിലും പദ്ധതി നടപ്പിലാക്കിയിട്ടില്ല.

സഹകരണ അർബൻ ബാങ്കുകൾക്ക് റിസർവ്വ് ബാങ്ക് നിബന്ധനകൾ

16 [*133] ശ്രീ. കെ. വി. കുഞ്ഞിരാമൻ :

,, കെ. കെ. ജയചന്ദ്രൻ :

,, വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ അർബൻ ബാങ്കുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുന്നതിന് ഭാരതീയ റിസർവ്വ് ബാങ്ക് നിർദ്ദേശിച്ചിരിക്കുന്ന നിബന്ധനകൾ എന്തെല്ലാമാണ് ;

(ബി) പ്രസ്തുത നിബന്ധനകൾ പാലിക്കാത്ത എത്ര സഹകരണ അർബൻ ബാങ്കുകൾ യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുകയുണ്ടായി എന്ന് വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത സംഘങ്ങൾ പ്രവർത്തനം നടത്തുന്നതിനെതിരെ റിസർവ്വ് ബാങ്ക് എന്തെല്ലാം നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി ;

(ഡി) ഇതിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രാർ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ ;

(ഇ) ഈ സംഘങ്ങൾ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ ; എങ്കിൽ ഏത് നിയമവ്യവസ്ഥ പ്രകാരമാണെന്ന് വിശദമാക്കുമോ ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ):

(എ) നിബന്ധനകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.† സഹകരണ അർബൻ ബാങ്കുകൾ രജിസ്റ്റർ ചെയ്ത് പ്രവർത്തിപ്പിക്കുന്നതിന് ഭാരതീയ റിസർവ്വ് ബാങ്ക് പുതുക്കിയ നിബന്ധനകൾ തയ്യാറാക്കിവരികയാണ്. ആയതിനാൽ ഇപ്പോൾ യാതൊരു അപേക്ഷയും റിസർവ്വ് ബാങ്ക് സ്വീകരിക്കുന്നില്ലായെന്ന് അറിയിച്ചിട്ടുണ്ട്.

(ബി) 1969-ലെ കേരള സഹകരണ നിയമത്തിലെ ചട്ടം 15 1 (എ) (3) (ബി) പ്രകാരം തരംതിരിച്ച് അൺ ലൈസൻസ്ഡ് അർബൻ ബാങ്കുകളായി 61 എണ്ണം രജിസ്റ്റർ ചെയ്ത് നൽകുകയുണ്ടായി.

† അനുബന്ധം— I

LIBRARY ARCHIVES Kerala Legislative Assembly